## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. **5034** 24.07.2015-ൽ മറുപടിയ്ക്ക്

### സർക്കാർ ലിസ്റ്റിൽ ഉൾപ്പെട്ട സമുദായങ്ങൾ

| ചോദ്യം: | | ഉത്തരം: | |
|---|---|---|---|
| ശ്രീ.എ.കെ.ബാലൻ | | ശ്രീ.എ.പി.അനിൽകുമാർ<br>(പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും, വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏതെങ്കിലും സമുദായത്തെ എസ്.സി.ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനോ, എസ്.സി.ലിസ്റ്റിൽ ഉൾപ്പെട്ട ഏതെങ്കിലും സമുദായങ്ങളെ ലിസ്റ്റിൽ നിന്നും നീക്കുന്നതിനോ ഉള്ള അപേക്ഷകൾ ലഭിക്കുകയോ, ആയതിനുള്ള നടപടി ആരംഭിക്കുകയോ ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ; | (എ) | നിരവധി സമുദായസംഘടനകൾ, സമുദായങ്ങളുടെ പിന്നോക്കാവസ്ഥ പരാമർശിച്ച് തങ്ങളെയും പട്ടികജാതി പട്ടികയിൽ ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ട് നിവേദനങ്ങൾ നൽകിയിട്ടുണ്ട്. പ്രസ്തുത നിവേദനങ്ങൾക്ക്മേൽ കിർത്താഡ്സിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടുകൾ പ്രകാരം പ്രസ്തുത സമുദായങ്ങളൊന്നും തന്നെ "അയിത്താചാരണത്തിന്റെ ഭാഗമായി വന്നുഭവിച്ച സാമൂഹികമായ പിന്നോക്കാവസ്ഥ" അനുഭവിക്കുന്നില്ലയെന്നതിനാൽ, ശുപാർശ നൽകിയിട്ടില്ല. |
| (ബി) | ഏതെങ്കിലും സമുദായത്തെ പുതുതായി ഒ.ബി.സി. ലിസ്റ്റിൽ ഉൾപ്പെടുത്തുകയോ നിലവിലെ ഏതെങ്കിലും സമുദായങ്ങളെ ഒഴിവാക്കുകയോ ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാന ഒ.ബി.സി. പട്ടികയിൽ പുതുതായി അഞ്ചുനാട് വെള്ളാളർ, കന്നവർ മന്നാടി, എരുമക്കാർ, തുർക്കർ/തുർക്കൻ എന്നീ നാല്യ സമുദായങ്ങളെ ഉൾപ്പെടുത്തിയിട്ടുണ്ട്. ഒരു സമുദായത്തെയും ഒഴിവാക്കിയിട്ടില്ല. |
| (സി) | ഏതെങ്കിലും സമുദായത്തെ പുതുതായി ഒ.ഇ.സി. ലിസ്റ്റിൽ ഉൾപ്പെടുത്തുകയോ, നിലവിലെ ഏതെങ്കിലും സമുദായങ്ങളെ ഒഴിവാക്കുകയോ ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ ? | (സി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഒ.ഇ.സി. പട്ടികയിൽ പുതുതായി ഹിന്ദു-മലയാളി, കന്നവർ മന്നാടി എന്നീ രണ്ട സമുദായങ്ങളെ ഉൾപ്പെടുത്തിയിട്ടുണ്ട്. ഒരു സമുദായത്തെയും ഒഴിവാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ